**പതിനാലാം കേരളനിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 50** — **28.11.2018-ൽ മറുപടിക്ക്**

**കെ.പി.എം.ജി**

| **ചോദ്യം**<br>**ശ്രീ.എൻ. ഷംസുദ്ദീൻ** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| (എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള കൺസൾട്ടന്റ് ആയി കെ.പി.എം.ജി എന്ന കമ്പനിയെ തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ കെ.പി.എം.ജി യെ തിരഞ്ഞെടുക്കുവാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) 05.09.2018ലെ G.O.(P) 12/2018/Plg. ഉത്തരവ് പ്രകാരം പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള പാർട്ട്നർ കൺസൾട്ടന്റായി KPMG in India-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. KPMG in India-യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.അരുൺ എം.കുമാർ പ്രളയാനന്തര പുനർനിർമ്മാണത്തിന് പ്രസ്തുത സ്ഥാപനം പാർട്ട്നർ കൺസൾട്ടന്റ് എന്ന നിലയിൽ സൗജന്യമായി പ്രവർത്തിക്കാമെന്ന് വാഗ്ദാനം നൽകിയതുകൊണ്ടാണ് സർക്കാർ അത്തരമൊരു തീരുമാനമെടുത്തത്. |
| (ബി) ഇന്ത്യയ്ക്കകത്തും മറ്റു വിദേശരാജ്യങ്ങളിലും പ്രസ്തുത സ്ഥാപനം പല വിവാദങ്ങളിലും കരിമ്പട്ടികയിലും ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കെ.പി.എം.ജി. നിർദ്ദേശപ്രകാരം പുനർനിർമ്മാണത്തിനും, പുനരധിവാസത്തിനുമായി സർക്കാർ തുടങ്ങിയിട്ടുള്ള ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ മുഖേന പണം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ ലഭ്യമായിട്ടുള്ള തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ? | (സി) പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണത്തിനായി വേണ്ടി വരുന്ന തുക ക്രൗഡ് ഫണ്ടിംഗ് ഉൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെയാണ് സ്വരൂപിക്കുന്നത്. അന്താരാഷ്ട്ര കൺസൾട്ടിങ് സ്ഥാപനമായ KPMG in India പ്രളയാനന്തരം സൗജന്യമായി ലഭ്യമാക്കിയ സേവനങ്ങളിൽ ക്രൗഡ് ഫണ്ടിംഗിനായുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിച്ച് https://rebuild.kerala.gov.in എന്ന |

വെബ് അഡ്രസ്സിൽ ഹോസ്റ്റ് ചെയ്ത് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഈ ഓൺലൈൻ പ്ലാറ്റ്ഫോമിൽ സർക്കാർ വകുപ്പുകളും, ഏജൻസികളും കേരളത്തിന്റെ പുനർനിർമ്മാണത്തിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വേണ്ടി തയ്യാറാക്കിയ വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. കേരളത്തിനകത്തുനിന്നും പുറത്തുനിന്നും വ്യക്തികൾ, അസോസ്സിയേഷനുകൾ, ബിസിനസ്സ് സ്ഥാപനങ്ങൾ മുതലായവയ്ക്ക് Debit Card, Credit Card, Net banking തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വിവിധ പദ്ധതികൾക്കായി സംഭാവന നൽകാവുന്നതാണ്. സംഭാവന നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവർ സംഭാവന നൽകിയ പദ്ധതിയുടെ പുരോഗതി പോർട്ടലിലൂടെ വീക്ഷിക്കാവുന്നതാണ് എന്നതിനാൽ ഇതിന്റെ സുതാര്യത വർദ്ധിക്കുന്നു. വീടുകൾ, അംഗവാടികൾ, സ്കൂളുകൾ, വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടുപോയ കർഷകർ എന്നിവർക്ക് ധനസഹായം എത്തിക്കുന്നതിനാവശ്യമായ വിവരങ്ങളാണ് ഇപ്പോൾ പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്രൗഡ് ഫണ്ട് മുഖേന ലഭിച്ച തുക എത്രയെന്ന് പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ